Published on 23-06-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2018-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2018-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

1169/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 154

# 2018-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

2005-ലെ കേരള വനേതര പ്രദേശങ്ങളിൽ

വൃക്ഷം വളർത്തൽ പ്രോത്സാഹന

ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിലെ (2005-ലെ 46) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പിൽ, (ഡി) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(ഇ) വനേതര ഭൂമിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രചോദനവും പ്രോത്സാഹനവും നൽകുക;

(എഫ്) വനേതര ഭൂമിയിലെ കാവുകൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഉടമസ്ഥർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകിക്കൊണ്ട് സമൂഹത്തിന് അവയിൽ നിന്നുള്ള പാരിസ്ഥിതിക സേവനങ്ങളെ പരസ്യമായി അംഗീകരിക്കുക;

(ജി) വനേതര ഭൂമിയിലെ മരങ്ങൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണത്തിലെ അനുകരണീയ മാതൃകകൾ എന്നിവ പരിഗണിച്ച് അതിനു പിന്നിൽ പ്രവർത്തിക്കുന്ന ആളുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, കർഷകർ എന്നിവർക്ക് പ്രോത്സാഹനം നൽകുന്നതിനായി അവാർഡുകൾ ഏർപ്പെടുത്തുക.".

3. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ടിലെ 9-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ "6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് കൊണ്ടുപോയ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് മുറിച്ചതോ കൊണ്ടുപോയതോ ആയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഹരിത മേഖല വർദ്ധിപ്പിക്കുന്നതിനും, ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടഞ്ഞുനിർത്തുന്നതിനും വ്യവസായങ്ങൾക്കുവേണ്ടി തടിയുടെയും മുളയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങളുടെ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട്.

2. വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ വനം വകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത ആവശ്യത്തി ലേക്കായി വനേതര ഭൂമിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കാവുകൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി അവാർഡുകൾ ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രധാന ആക്ടിലെ 5-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

3. കൂടാതെ, പ്രധാന ആക്ടിലെ 6-ാം വകുപ്പിൽ വനേതര ഭൂമിയിൽ വിജ്ഞാപനം ചെയ്യിട്ടില്ലാത്ത പ്രദേശങ്ങളിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കംചെയ്യുന്നതിനും ഉടമസ്ഥർക്കുള്ള അവകാശം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പ് ലംഘിച്ച്

കൊണ്ടുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തടിയും മറ്റ് വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരം സംബന്ധിച്ച് 9-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ, "6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് കൊണ്ടുപോയ" ഏതെങ്കിലും വൃക്ഷത്തിന്റെ തടിയെക്കുറിച്ച് മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. 6-ാം വകുപ്പിന്റെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് മുറിച്ചതോ കൊണ്ടുപോയതോ ആയ ഏതെങ്കിലും വൃക്ഷത്തിന്റെ തടി എന്ന വിധത്തിൽ നിലവിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനും ആവശ്യമായ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. രാജു.

# 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിൽ (2005-ലെ 46) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

5. വനം വകുപ്പിന്റെ കർത്തവ്യങ്ങൾ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വനംവകുപ്പിന് താഴെപ്പറഞ്ഞിട്ടുള്ള കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(ഡി) ഈ ആക്റ്റിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രതിപാദിച്ച പ്രകാരമുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

9. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തടിയും മറ്റ് വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരം.—(1) വനംവകുപ്പിലെ ഫോറസ്റ്ററുടെ പദവിക്കുതാഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് 6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും വൃക്ഷം മുറിക്കുകയും അല്ലെങ്കിൽ ഏതെങ്കിലും തടികൊണ്ടുപോകുകയും ചെയ്തെന്ന് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അദ്ദേഹത്തിന്, ആ തടി അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ച എല്ലാ പണിയായുധങ്ങളും കയറുകളും ചങ്ങലകളും മറ്റു വസ്തുക്കളും അങ്ങനെയുള്ള തടി വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിച്ച എല്ലാ വാഹനങ്ങളോ ബോട്ടുകളോ മൃഗങ്ങളോ സഹിതം പിടിച്ചെടുക്കാവുന്നതാണ്.

** ** ** **

(3) (2)-ാം ഉപവകുപ്പിൻപ്രകാരം ഒരു റിപ്പോർട്ട് ലഭിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,—

(എ) അങ്ങനെയുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് 6-ാം വകുപ്പ് ലംഘിച്ചു കൊണ്ട് കൊണ്ടുപോയ ഏതെങ്കിലും വൃക്ഷത്തിന്റെ തടിയാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമാവുകയാണെങ്കിൽ, അപ്രകാരമുള്ള പിടിച്ചെടുക്കൽ നടത്തിയ പ്രദേശത്ത് അധികാരിതയുള്ള ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ അങ്ങനെയുള്ള തടിപിടിച്ചെടുക്കൽ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്;

** ** ** **